# ത്രോബോൾ: ക്ഷത്രിയ കയ്പമംഗലം ജേതാക്കൾ

തൃശൂർ

എട്ടാമത് സീനിയർ തൃശൂർ ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ് സമാപിച്ചു. പുരുഷ–വനിത വിഭാഗത്തിൽ ക്ഷത്രിയ കയ്പമംഗലം വിജയികളായി. ഗേൾസ് വിഭാഗത്തിൽ പ്ലേബോൾ രണ്ടാം സ്ഥാനവും ഭാരതീയ വിദ്യാവിഹാർ മഴുവഞ്ചേരി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ബോയ്സ് വിഭാഗത്തിൽ എസ്എൻഎസ് സമാജം എടമുട്ടം രണ്ടാം സ്ഥാനവും നോട്ടർഡാം സ്പോർട്സ് ക്ലബ് അതിരപ്പിള്ളി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

തൃശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ബിന്നി ഇമ്മട്ടി വിജയികൾക്ക് ട്രോഫി സമ്മാനിച്ചു.

ത്രോബോൾ സെക്രട്ടറി ഇൻ ചാർജ് ഷഹനാസ് എ കെ അധ്യക്ഷനായി. അഖിൽ അനിരുദ്ധൻ, അഡ്വ. കെ ആർ അജിത്ബാബു, എം ജെ ആദിത്യ, അമീർ എന്നിവർ സംസാരിച്ചു.



**എട്ടാമത് സീനിയർ തൃശൂർ ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ ക്ഷത്രിയ കയ്പമംഗലത്തിന് ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ബിന്നി ഇമ്മട്ടി ട്രോഫി സമ്മാനിക്കുന്നു**


THRISSUR